**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3173** **13-07-2022 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പാഠ്യപദ്ധതി പരിഷ്കാരം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ വി ശിവൻകുട്ടി**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിച്ച് വിദ്യാർത്ഥികളിൽ പരിസ്ഥിതി ബോധമുണ്ടാക്കാൻ തരത്തിലുള്ള സിലബസ് ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പരിസ്ഥിതി ബോധം വളർത്തൽ നിർബന്ധമായും പാഠ്യപദ്ധതി പരിഷ്കരണത്തിൽ പ്രഥമ പരിഗണന അർഹിക്കുന്ന ഒന്നാണ്. അടിക്കടി ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ, മഹാമാരികൾ ഉയർത്തുന്ന ഭീഷണി ഇവയെല്ലാം കാലാവസ്ഥാ വ്യതിയാനവുമായി ബന്ധമുണ്ട്. മാലിന്യ സംസ്കരണം പോലുള്ള വെല്ലുവിളികളും മുന്നിലുണ്ട്. ഈ പ്രതിസന്ധികളെയെല്ലാം അതിജീവിക്കണമെങ്കിൽ ശരിയായ പാരിസ്ഥിതികാബോധമുള്ള തലമുറ വളർന്നുവരേണ്ടത് ആവശ്യമാണ്. അതുകൊണ്ടുതന്നെ, പുതിയ പാഠ്യപദ്ധതിയിലും സിലബസിലും പാരിസ്ഥിതികാവബോധം വളർത്തുന്നതിന് ആവശ്യമായ ഉള്ളടക്കം നിശ്ചയമായും ഉൾപ്പെടുത്തുന്നതാണ്. |
| (ബി) | മഹാമാരികൾ, പ്രകൃതി ദുരന്തങ്ങൾ എന്നിവയുടെ കാരണങ്ങളും ഫലങ്ങളും യുക്തിസഹമായി വിലയിരുത്താൻ കുട്ടികളെ സഹായിക്കുന്ന ഘടകങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ബി) | മഹാമാരികളുടെ കാരണങ്ങൾ, ഫലങ്ങൾ, നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവ യുക്തിസഹമായി മനസ്സിലാക്കാൻ കുട്ടികളെ സഹായിക്കുന്ന ഉള്ളടക്കം ഉൾപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ